**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

---

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം:- ഡോ. ജാഫർ ബഷീർ, ജൂനിയർ കൺസൾട്ടന്റ്, റെസ്പിറേറ്ററി മെഡിസിൻ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കത്ത് നം. DMOH-WYD/2105/2024-A5 തീയതി 28.06.2024

2. കാരണം കാണിക്കൽ നോട്ടീസ് നം.ഇ.ബി1-15673/ 2024/ആ.വ.ഡ തീയതി: 30-08-2024

3. താങ്കളുടെ 18.09.2024 തീയതിയിലെ കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി

4. 30-11-2024 തീയതിയിലെ കത്ത് നം. ഇ.ബി1- 15673 / 2024/ആ.വ.ഡ

**ഉത്തരവ് നം: ഇ.ബി1-15673/2024/ആ.വ.ഡ തീയതി: #ApprovedDate**

കൽപ്പറ്റ ജനറൽ ആശുപത്രിയിലെ റെസ്പിറേറ്ററി മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. ജാഫർ ബഷീർ 09.03.2024 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായി പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താല്ക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ടി തീരുമാനത്തിന് എതിരായി ടിയാന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ചു 15 ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിനു മറുപടിയായി ടിയാൻ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതിനുണ്ടായ സാഹചര്യം മേലധികാരികളെ ബോധിപ്പിക്കുന്നതിനായി ഹിയറിംഗിന് അവസരം അനുവദിക്കണമെന്നു ആവശ്യപ്പെട്ടതിന്റെ

അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയും തിരികെ ജോലിയിൽ പ്രവേശിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചതിനെ തുടർന്ന് 15.12.2024 തീയതിയ്ക്കകം നിശ്ചിത മാതൃകയിലുള്ള ബോണ്ട് സമർപ്പിക്കാൻ പരാമർശം (4) പ്രകാരം നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ നിശ്ചിത തീയതിയ്ക്കകം ടിയാൻ ബോണ്ട് സമർപ്പിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ലെ Part II റൂൾ 19 പ്രകാരം പ്രൊബേഷണറായ ഡോ. ജാഫർ ബഷീർ-ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 28-12-2024 09:51:34
**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

**Dr. Jaffar Basheer**
**Marhama, Palayad, P.O,**
**Thaliparamba, Kannur 670141**

പകർപ്പ്:- 1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2.ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), വയനാട്
3.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
4. ഫയൽ/ കരുതൽ ഫയൽ.